# തിരഞ്ഞെടുപ്പ് നാടകത്തിന്റെ പോസ്റ്റ്മോർട്ടം

■ എൻ.പി.ജെ.

തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ വിട്ട് നിൽക്കുകയും തിരഞ്ഞെടുപ്പ് വിശകലന വിദഗ്ധരായി മാറുകയും ചെയ്യുന്നതിലെ വൈരുദ്ധ്യം ആത്മ വിമർശനമായി ഉൾക്കൊണ്ടുകൊണ്ടാണ് ഈ കുറിപ്പെഴുതുന്നത്.

നന്ദിഗ്രാമിലെ ഇടതുപക്ഷ അപചയത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോഴൊക്കെ ഇടതുപക്ഷ അനുഭാവികളിലേറെപ്പേരും അത് സംഘടിതമായ ഒരു കള്ളപ്രചാരവേലയായി തള്ളിക്കളയുകയാണുണ്ടായത്. പാർട്ടി മാധ്യമങ്ങളും നേതാക്കളും പറയുന്നതു മാത്രം വിശ്വസിക്കാൻ വിധിക്കപ്പെടുന്നവരുടെ കാര്യം പോകട്ടെ. വസ്തുതകൾ നേരിട്ടറിഞ്ഞ ഉന്നത നേതാക്കൾ ടെലിവിഷൻ ചർച്ചകളിൽ നിർലജ്ജം കളവുപറയുന്നതുകേട്ട് ചൂളിപ്പോയിട്ടുണ്ട്. നന്ദിഗ്രാമിനെ ചൊല്ലി ഇടതുപക്ഷത്തെ വിമർശിക്കുന്നവർ കേരളത്തിലെ സമാനമായ പല പദ്ധതികളും നടപ്പിലാക്കാൻ മുന്നിൽനിന്ന് പ്രവർത്തിക്കുന്നവരാണ്. ബംഗാളിലെ പുതിയ ജനാധിപത്യ ശക്തികൾക്ക് സെസ്സിന്റെ കാര്യത്തിൽ എന്തുനിലപാട് കൈകൊള്ളാനാകുമെന്ന് കാത്തിരുന്നുകാണാം.

പ്ലാച്ചിമട സമരത്തെ ലോകശ്രദ്ധയിൽ കൊണ്ടുവന്നു എന്ന് അവകാശപ്പെടുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ തിരുവനന്തപുരം ജില്ലാകമ്മറ്റി ശശി തരൂരിനെ വിജയിപ്പിക്കണമെന്ന് ഏകകണ്ഠമായി പ്രമേയം പാസാക്കി. ശശി തരൂരിനെതിരെ പ്ലാച്ചിമട സമരക്കാരെ രംഗത്തിറക്കാൻ മറുവിഭാഗം നടത്തിയ നാടകങ്ങളും ഗംഭീരമായി.

ഇങ്ങനെയൊക്കെയാണെങ്കിലും കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെതായ ഒരു വിധിപ്രസ്താവം തന്നെയായിരുന്നു. ഓരോ സംസ്ഥാനങ്ങളുടെയും മണ്ഡലങ്ങളുടെയും സൂക്ഷ്മ സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കാം. പക്ഷെ, തൊഴിലുറപ്പുപദ്ധതി, കാർഷിക കടാശ്വാസം തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ച സർക്കാരിനെ ജനം പിന്തുണച്ചു എന്നത് സത്യം. സാമ്പത്തിക പ്രതിസന്ധിയുടെ മുന്നിൽ നിന്നുകൊണ്ട് നടത്തിയ അഭിനവ കെയ്നേഷ്യൻ കാര്യപരിപാടി ജനങ്ങൾക്ക് വലിയ ആശ്വസമായി. അവസരങ്ങളുണ്ടായിട്ടും തൊഴിൽ തേടി കേരളത്തിലേക്കുവരുന്നവരുടെ എണ്ണം എത്രയോ കുറഞ്ഞു!

പക്ഷെ, അമേരിക്കൻ പാഠങ്ങളിൽനിന്നും ഞങ്ങൾക്കൊന്നുംതന്നെ പഠിക്കുവാനില്ലെന്ന നിലപാടാണ് ഇടതുപക്ഷം കൈക്കൊണ്ടത്. കാർ ഫാക്ടറിക്കുവേണ്ടിയും രാസവ്യവസായശാലക്കുവേണ്ടിയും സ്മാർട്ട് സിറ്റിക്കുവേണ്ടിയും അത്യദ്ധ്വാനം നടത്തുന്ന പുത്തൻ വികസന മിശിഹമാരായി അവർ സ്വയം പുകഴ്ത്തിനടന്നു.

കേരളത്തിലാകട്ടെ പാർട്ടി കോട്ടകളിലെ 'ജയശീലന്മാർ' എല്ലാം ഞങ്ങൾ തീരുമാനിക്കും എന്ന് അഹന്തയുടെ കട്ടൗട്ടുകൾ വാനോളമുയർത്തി. അഴിമതി ഒരു പാർട്ടി നടപ്പാണെന്നു സ്ഥാപിച്ചു. ജാതിമതരാഷ്ട്രീയത്തിന് വിജയഹോ പാടി. അന്ധരായ പാർട്ടി അണികളിൽനിന്നും വ്യത്യസ്തരായി നിഷ്പക്ഷമായി ചിന്തിക്കുന്ന ഗണ്യമായൊരു വിഭാഗമാണ് ജയപരാജയങ്ങൾ നിർണ്ണയിക്കുന്ന കാര്യം മറന്നു.

കേരളത്തിലേത് താരതമ്യേന കാര്യക്ഷമമായി പ്രവർത്തിച്ച സർക്കാരായിരുന്നു. ചാനലുകൾക്കുവേണ്ടി വായാടിത്തം വിളമ്പുന്നവരുടെ വകുപ്പുകൾപോലും നന്നായി പ്രവർത്തിച്ചു. നികുതിപിരിവ് കാര്യക്ഷമമായി. സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞു. പക്ഷെ, ഭക്ഷ്യസുരക്ഷാപദ്ധതി കുളമാക്കി. വിദേശ കച്ചവടക്കാരെ മൂക്കുകയറിടാൻ നടന്ന് സ്വയം മൂക്കുകയറിടേണ്ടി വന്നു. ഇതിനിടയിൽ ഗതാഗതം അടക്കമുള്ള മിക്കവകുപ്പുകളും ഭേദപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചു. പക്ഷെ, മുഖ്യമന്ത്രിയെ മാത്രം പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ എന്ന് കുറേ പേർ ചേർന്ന് നിശ്ചയിച്ചു. പാർട്ടി ആസ്ഥാനത്ത് താവളമടിച്ച പെൻഷൻ ശകുനിമാർ നരകം പണിയുന്നതിന് ഏറെ മിടുക്കുകാട്ടി. എല്ലാം കണ്ടുകൊണ്ടിരിക്കുന്ന ജനം നന്നായി വോട്ട് ചെയ്തു. ക്യാമ്പസുകളിൽ റിക്രൂട്ട് ചെയ്യപ്പെട്ട വിജയന്മാരിൽ ചിലർ കഷ്ടിച്ചുമാത്രം രക്ഷപ്പെട്ടു!

ഈ തെരഞ്ഞെടുപ്പ് ജനജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് കാത്തിരുന്ന് കാണേണ്ടതാണ്. ഉടുതുണിക്ക് മറുതുണിയില്ലാത്ത ഉത്തരേന്ത്യൻ കൃഷീവലന്മാരുടെ വോട്ടുകൾ കൂടി തങ്ങൾക്കുവേണ്ടിവരുമെന്ന് രാഷ്ട്രീയ നേതൃത്വം തിരിച്ചറിഞ്ഞാൽ അത് ജനാധിപത്യത്തെ കൂടുതൽ സാർത്ഥകമാക്കും.

തെരഞ്ഞെടുപ്പുരാഷ്ട്രീയത്തെ തീണ്ടാപ്പാടകലെ നിർത്തണമെന്നുപറയുന്ന ബദൽ പ്രസ്ഥാനങ്ങൾ ഇടതുപക്ഷത്തെപ്പോലെ സ്വന്തം ഇടങ്ങൾതന്നെ ഇല്ലാതാക്കുന്ന വങ്കത്തം നിറഞ്ഞ ആത്മഭാഷണങ്ങൾ തുടരുകയാണോ വേണ്ടതെന്ന് ആലോചിക്കേണ്ട സമയമായി.